# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:13.03.2025**

### പ്രധാനവാർത്തകൾ

1. **വയനാട് മുണ്ടക്കൈ പുനരധിവാസ പദ്ധതി അടുത്ത സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുമെന്ന് റവന്യു മന്ത്രി കെ രാജൻ. പുനരധിവാസത്തിനായി നെടുമ്പാല എസ്റ്റേറ്റ് ഉടൻ ഏറ്റെടുക്കില്ലെന്ന് ഹൈക്കോടതിയിൽ സംസ്ഥാന സർക്കാർ.**

2. **ആറ്റുകാൽ ദേവിയ്ക്ക് പൊങ്കാലയർപ്പിച്ച് ഭക്തലക്ഷങ്ങൾ. ശുചീകരണ പ്രവർത്തനങ്ങൾ നഗരസഭയുടെ നേതൃത്വത്തിൽ പുരോഗമിക്കുന്നു**

3. **വിനോദ മേഖലയിൽ ലോകം അതിവേഗം മുന്നേറുകയാണെന്ന് കേന്ദ്ര വാർത്താവിതരണ, പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്.**

4. **ദളിത് ചിന്തകനും, എഴുത്തുകാരനുമായ കെ.കെ കൊച്ച് അന്തരിച്ചു**

5. **വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, ഗുജറാത്ത് ജയൻറ്സിനെ നേരിടും..**

&&&&&&&&&&&&&&&&&&

RNU TVPM

## വയനാട്- നെടുമ്പാല എസ്റ്റേറ്റ്

വയനാട് ദുരന്തബാധിതരായവരുടെ പുനരധിവാസത്തിനായി ടൗൺഷിപ്പ് നിർമ്മിക്കുന്നതിന് നെടുമ്പാല എസ്റ്റേറ്റ് ഉടൻ ഏറ്റെടുക്കില്ലെന്ന് സംസ്ഥാന സർക്കാർ ഹൈക്കോടതിയെ

അറിയിച്ചു. പുനരധിവാസത്തിനായി എൽസ്റ്റൺ എസ്റ്റേറ്റ് ആണ് പരിഗണിക്കുന്നതെന്നും, സ്ഥലം തികയാതെ വന്നാൽ മാത്രമേ നെടുമ്പാല എസ്റ്റേറ്റ് ഏറ്റെടുക്കുന്ന കാര്യം പരിഗണിക്കൂ എന്നും സർക്കാർ വ്യക്തമാക്കി. വീടുകൾ ആവശ്യമായവരുടെ എണ്ണം നിശ്ചയിച്ച ശേഷമായിരിക്കും ഇത് സംബന്ധിച്ച അന്തിമ തീരുമാനം ഉണ്ടാവുക. ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ഹാരിസൺസ് മലയാളം കമ്പനി നൽകിയ അപ്പീൽ പരിഗണിക്കുകയായിരുന്നു ഹൈക്കോടതി.

RNU TVPM

&&&&&&&&&&&&&&&&&&&

## പൊങ്കാല (ഇൻട്രോ)

ആറ്റുകാൽ ദേവിയ്ക്ക് പൊങ്കാലയർപ്പിച്ച് ഭക്തലക്ഷങ്ങൾ. നിവേദ്യമർപ്പിച്ച ശേഷം ഭക്തർ വീടുകളിലേക്ക് മടങ്ങി. പൊങ്കാലയ്ക്ക് ശേഷം നഗരസഭയുടെ നേതൃത്വത്തിൽ ശുചീകരണപ്രവർത്തനങ്ങളും നടന്നു. വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.

(വോയിസ്)

&&&&&&&&&&&&&&&&&&

## സ്പെഡക്സ്

സ്പെഡക്സ് ദൗത്യത്തിൻറെ ഭാഗമായ ഉപഗ്രഹങ്ങളുടെ അൺഡോക്കിങ്ങ് പ്രക്രിയ വിജയകരമായി പൂർത്തീകരിച്ച് ഐ.എസ്.ആർ.ഒ. ഇന്ത്യയുടെ ബഹിരാകാശ ചരിത്രത്തിലെ ഈ നിർണായക നേട്ടം കൈവരിച്ചതിൽ കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രി ജിതേന്ദ്ര സിങ്ങ് ഐ.എസ്.ആർ.ഒ യെ അഭിനന്ദിച്ചു. ഭാരതീയ അന്തരീക്ഷ് സ്റ്റേഷൻ, ചന്ദ്രയാൻ-4, ഗഗൻയാൻ തുടങ്ങിയ ഭാവിദൗത്യങ്ങൾക്ക് ഇത് പ്രയോജനം ചെയ്യും. ഡോക്കിങ്ങിലൂടെ ബഹിരാകാശത്ത് വച്ച് കൂട്ടിയോജിപ്പിച്ച രണ്ട് സ്പെഡക്സ് ഉപഗ്രഹങ്ങൾ വേർപെടുത്തുന്ന പ്രക്രിയയാണ് പൂർത്തീകരിച്ചത്.

RNU TVPM

&&&&&&&&&&&&&&&&&&

## വേവ്സ്

വിനോദ മേഖലയിൽ ലോകം അതിവേഗം മുന്നേറുകയാണെന്ന് കേന്ദ്ര വാർത്താവിതരണ, പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്. കേന്ദ്രസർക്കാർ മെയ് 1 മുതൽ 4 വരെ മുംബൈയിൽ സംഘടിപ്പിക്കുന്ന ലോക ദൃശ്യ, ശ്രവ്യ വിനോദ ഉച്ചകോടി വേവ്സുമായി ബന്ധപ്പെട്ട് ന്യൂഡൽഹിയിൽ നടന്ന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

വിദേശകാര്യമന്ത്രി എസ്. ജയശങ്കർ, കേന്ദ്ര സഹമന്ത്രി എൽ മുരുഗൻ, വിവിധ രാജ്യങ്ങളിൽ നിന്നുള്ള നൂറിലേറെ നയതന്ത്ര പ്രതിനിധികൾ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു. വേവ്സ് ഉച്ചകോടിയെക്കുറിച്ച് അന്താരാഷ്ട്ര സമൂഹത്തിന് അറിവ് പകരുകയാണ് പരിപാടിയുടെ ലക്ഷ്യം.

&&&&&&&&&&&&&&&&&&

**അന്തരിച്ചു**

ദളിത് ചിന്തകനും, എഴുത്തുകാരനും, സാമൂഹ്യ പ്രവർത്തകനുമായ കെ.കെ കൊച്ച് അന്തരിച്ചു.76 വയസായിരുന്നു. ക്യാൻസർ രോഗ ബാധിതനായി ചികിത്സയിലിരിക്കെയാണ് അന്ത്യം. കേരള സാഹിത്യ അക്കാദമിയുടെ സമഗ്രസംഭാവന പുരസ്കാരത്തിനടക്കം അർഹനായ കെ.കെ കൊച്ചിൻറെ ആത്മകഥ 'ദലിതൻ' ഏറെ ശ്രദ്ധ നേടിയിരുന്നു. കടുത്തുരുത്തി കമ്മ്യൂണിറ്റി ഹാളിൽ മൃതദേഹം നാളെ പൊതുദർശനത്തിനു വയ്ക്കും . കടുത്തുരുത്തിയിലെ വീട്ടിൽ നാളെ ഉച്ച തിരിഞ്ഞാണ് സംസ്കാര ചടങ്ങുകൾ. മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെയുള്ള പ്രമുഖർ അനുശോചനം രേഖപ്പെടുത്തി.

RNU TVPM

&&&&&&&&&&&&&&&&&&

**ശബരിമല**

മീന മാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട നാളെ വൈകുന്നേരം 5 മണിക്ക് തുറക്കും. നാളെ പൂജകളൊന്നും തന്നെ ഉണ്ടാവില്ല. മീനം ഒന്നായ മറ്റന്നാൾ മുതൽ നട അടയ്ക്കുന്ന 19 വരെ എല്ലാ ദിവസവും വിശേഷാൽ പൂജകളടക്കം നടക്കും. പതിനെട്ടാം പടി ചവിട്ടിയെത്തുന്ന തീർഥാടകർക്ക് മേൽപ്പാലം ഒഴിവാക്കി നേരിട്ട് ദർശനം നടത്താൻ സാധിക്കും വിധത്തിലുള്ള പുതിയ ദർശന രീതി പരീക്ഷണാടിസ്ഥാനത്തിൽ നാളെ മുതൽ നടപ്പാക്കും.

&&&&&&&&&&&&&&&&&&

**ഹോളി**

ഹോളി ആഘോഷത്തിനൊരുങ്ങി നാടും നഗരവും. നിറങ്ങളുടെ ഉത്സവമായ ഹോളി നാളെ വന്നെത്തുന്നതിൻറെ ആവേശ തിമിർപ്പിലാണ് ഡൽഹി ഉൾപ്പെടെയുള്ള നഗരങ്ങൾ. ആഘോഷത്തിൻറെ പ്രധാനഭാഗമായ ഹോളികാ ദഹൻ ചടങ്ങ് ഇന്ന് വൈകുന്നേരം നടക്കും. ഹോളിക്കായി നിലവാരം കുറഞ്ഞ ചായങ്ങൾ ഉപയോഗിക്കരുതെന്ന് ആരോഗ്യ വിദഗ്ധർ മുന്നറിയിപ്പ് നൽകുന്നുണ്ട്.

&&&&&&&&&&&&&&&&&&

**എയ്ഡ്സ് ബാധിച്ച് മരിച്ച സംഭവം**

RNU TVPM

രക്താർബുദ ചികിത്സയ്ക്ക് വിധേയയായ പെൺകുട്ടി എയ്ഡ്സ് ബാധിച്ച് മരിച്ച സംഭവത്തിൽ കുട്ടിയുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകാൻ സംസ്ഥാന സർക്കാരിന് ഉദ്ദേശമുണ്ടോ എന്ന് അറിയിക്കണമെന്ന് ഹൈക്കോടതി. ഇത് സംബന്ധിച്ച് ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സത്യവാങ്മൂലം നൽകണമെന്നും കോടതി നിർദ്ദേശിച്ചു. തിരുവനന്തപുരം റീജിയണൽ കാൻസർ സെൻററിലും കുട്ടി ചികിത്സ തേടിയിരുന്നു എന്നതിനാൽ ഇവിടെയുള്ള രക്ത പരിശോധനാ സംവിധാനങ്ങളെ കുറിച്ചും വിശദമായ റിപ്പോർട്ട് നൽകണം. ആരോഗ്യവകുപ്പിന്റെ അനാസ്ഥ ആരോപിച്ച് കുട്ടിയുടെ പിതാവ് സമർപ്പിച്ച ഹർജിയിലാണ് കോടതി നിർദ്ദേശം.

RNU TVPM

&&&&&&&&&&&&&&&&&&&

**ഇടുക്കി കടുവ**

ഇടുക്കി വണ്ടിപെരിയാറിലിറങ്ങിയ കടുവയെ കണ്ടെത്താനുള്ള ഡ്രോൺ നിരീക്ഷണം ആരംഭിച്ചു. ഗ്രാംബി മേഖലയിലെ ചതുപ്പ് നിലങ്ങൾ കേന്ദ്രീകരിച്ചാണ് നിരീക്ഷണം. ആദ്യഘട്ട ഡ്രോൺ നിരീക്ഷണത്തിനു ശേഷം നേരിട്ടുള്ള പരിശോധന നടത്തും. വണ്ടിപ്പെരിയാർ ഗ്രാംബി എസ്റ്റേറ്റ് ആറാം നമ്പർ ഫാക്ടറിക്ക് സമീപം ജനവാസ മേഖലയോട് ചേർന്ന പ്രദേശത്ത് നാട്ടുകാരാണ് കടുവയെ

കണ്ടെത്തിയത്. കടുവയെ പിടികൂടാൻ വനം വകുപ്പ് കൂട് സ്ഥാപിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&&

**ബംഗ്ലാദേശ് പൗരന്മാർ പോലീസ് പിടിയിൽ.**

മലപ്പുറം പൊന്നാനിയിൽ മൂന്നു ബംഗ്ലാദേശ് പൗരന്മാർ പോലീസ് പിടിയിൽ. പശ്ചിമബംഗാൾ സ്വദേശികൾ എന്ന വ്യാജേന, ആധാർ കാർഡുകൾപ്പെടെ ചമച്ചാണ് കേരളത്തിലെ പല ജില്ലകളിലും ഇവർ ജോലി ചെയ്തു വന്നത്. പൊന്നാനി പൊലീസും തീവ്രവാദ വിരുദ്ധ സേനയും സംയുക്തമായി നടത്തിയ റെയ്ഡിൽ ആണ് ഇവരെ പിടികൂടിയത്. കേരളത്തിലെ വിവിധയിടങ്ങളിൽ ബംഗ്ലാദേശികൾ താമസിക്കുണ്ടെന്ന ഇന്റലിജൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്വേഷണം തുടരുകയാണ്.

&&&&&&&&&&&&&&&&&&&

**വനിതാ പ്രീമിയർ ലീഗ്**

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ

ഇന്ന് നടക്കുന്ന എലിമിനേറ്റർ മത്സരത്തിൽ മുംബൈ ഇന്ത്യൻസ്, ഗുജറാത്ത് ജയൻറ്സിനെ നേരിടും. രാത്രി 7.30 ന് മുംബൈ ബ്രാബോൺ സ്റ്റേഡിയത്തിലാണ് മത്സരം. 10 പോയിൻറുമായി ഒന്നാം

RNU TVPM

സ്ഥാനത്തുള്ള ഡൽഹി ക്യാപിറ്റൽസ് ഇതിനകം തന്നെ ഫൈനലിൽ സ്ഥാനം ഉറപ്പിച്ചു.

&&&&&&&&&&&&&&&&&&&

## ഇടി മിന്നൽ സാധ്യത

സംസ്ഥാനത്ത് കടുത്ത ചൂട് തുടരുന്നു. പാലക്കാട്, മലപ്പുറം, കൊല്ലം, ഇടുക്കി ജില്ലകളിൽ ഇന്ന് അൾട്രാ വയലറ്റ് സൂചികയിൽ ഏറ്റവും ഉയർന്ന തോത് രേഖപ്പെടുത്തി. പകൽ 10 മണി മുതൽ വൈകുന്നേരം മൂന്ന് വരെ കൂടുതൽ സമയം നേരിട്ട് സൂര്യപ്രകാശമേൽക്കുന്നത് ഒഴിവാക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി ജനങ്ങൾക്ക് നിർദ്ദേശം നൽകി. കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്നും, ഈ മാസം 16 , 17 തീയതികളിലും ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ട്.

RIJU TVPM

&&&&&&&&&&&&&&&&&&&

## ഓഹരി /സ്വർണ വില

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം . സെൻസെക്സ് 201 പോയിൻറ് നഷ്ടത്തിൽ 73,829 ലും, നിഫ്റ്റി 73 പോയിൻറ് നഷ്ടത്തിൽ 22,397 ലും വ്യാപാരം അവസാനിപ്പിച്ചു .

സ്വർണ വില ഉയർന്നു . ഗ്രാമിന് 55 രൂപ കൂടി 8,120 രൂപയും

പവന് 440 രൂപ ഉയർന്ന് 64,960 രൂപയുമാണ് ഇന്നത്തെ വില
.

&&&&&&&&&&&&&&&&&&

**പിബി ശബ്ദ്**

പ്രസാർ ഭാരതിയുടെ വാർത്താ വിതരണ സേവനമായ പിബി-ശബ്ദ് ഒരു വർഷം പൂർത്തിയാക്കി. പിബി ശബ്ദ് പോർട്ടലിൽ സൗജന്യവരിക്കാരാകാനുള്ള സമയപരിധി 2026 മാർച്ച് വരെ നീട്ടിയിട്ടുണ്ട്. മാധ്യമ സ്ഥാപനങ്ങൾക്ക് വാർത്തകൾ ടെക്സ്റ്റ്, ഫോട്ടോ, വീഡിയോ, ഓഡിയോ ഫോർമാറ്റുകളിൽ ഇതിലൂടെ ലഭ്യമാകും.

RIJUTVPM

&&&&&&&&&&&&&&&&&&

**ടെക്നിക്കൽ ഹൈസ്കൂൾ**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന 39 ടെക്നിക്കൽ ഹൈസ്ക്കൂളുകളിൽ അടുത്ത അധ്യയനവർഷത്തേക്കുള്ള ഓൺലൈൻ പ്രവേശന നടപടികൾ നാളെ ആരംഭിക്കും. 8ാം ക്ലാസിലേക്കാണ് പ്രവേശനം. വിദ്യാർത്ഥികൾക്ക് www.polyadmission.org വെബ്സൈറ്റിലൂടെ ഏപ്രിൽ 8 വരെ അപേക്ഷ സമർപ്പിക്കാം. അഭിരുചി പരീക്ഷ ഏപ്രിൽ 10 ന് നടക്കും.

&&&&&&&&&&&&&&&&&&

**നഷ്ടപരിഹാരം**

ഒന്നര മാസം കഴിഞ്ഞിട്ടും എ സി റിപ്പയർ ചെയ്ത് നൽകാത്ത സർവീസ് സെൻറർ 30,000 രൂപ നഷ്ടപരിഹാരം നൽകണമെന്ന് എറണാകുളം ജില്ല ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ. എറണാകുളം, തിരുവാങ്കുളം സ്വദേശി നൽകിയ പരാതിയിലാണ് ഇടപ്പിള്ളിയിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിനെതിരെ നടപടി.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&
&&&&&&&
&&&&&&
&&&&
&&&
&&
&

RNI TVPM